"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - പ്രത്യേകമായ പ്രയാസം അനുഭവിക്കുന്നതും ഹൈസപ്പോർട്ട് ആവശ്യമായതുമായ ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാരെ മാത്രം സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.298/2024/GAD തീയതി,തിരുവനന്തപുരം, 19-01-2024

---

പരാമർശം:-

1) 17/08/2019 ലെ റൂൾസ്2/90/2019/ഉഭപവ നമ്പർ സർക്കുലർ
2) സ.ഉ(കൈ)നം.108/2018/പൊഭവ തീയതി 18.05.2018
3) സ.ഉ.(സാധ ) നം.192/2020/പൊഭവ തീയതി 13.01.2020.
4) സ.ഉ.(സാധ ) നം.7637/2018/പൊഭവ തീയതി 22.11.2018.
5) സ.ഉ.(സാധ ) നം.8153/2018/പൊഭവ തീയതി 17.12.2018.
6) സ.ഉ.(സാധ ) നം.77/2019/പൊഭവ തീയതി 06.05.2019.
7) സ.ഉ.(സാധ ) നം.5090//2019/പൊഭവ തീയതി 30.08.2019.
8) സ.ഉ.(സാധ ) നം.6790//2019/പൊഭവ തീയതി 27.11.2019.
9) 16.12.2022, 09.01.2023 എന്നീ തീയതികളിലെ ഈ വകുപ്പിന്റെ സി.ഡി.എൻ.4/151/2018/പൊഭവ-പാർട്ട്-2 നമ്പർ സർക്കുലർ
10) സ.ഉ.(കൈ)നം.2/2023/SJD തീയതി 11.05.2023
11) സ.ഉ.(സാധാ) നം.3253/2023/പൊഭവ തീയതി 14.07.2023

**ഉത്തരവ്**

സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ,സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച വിശമായ മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശിത ഉത്തരവുകൾ പ്രകാരം പുറപ്പെടവിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഗുരുതര രോഗം ബാധിച്ച് അവശ നിലയിലുള്ളതും അംഗവൈകല്യം ബാധിച്ചതുമായ ജീവനക്കാരെ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം മുഖേന അറ്റൻഡൻസ് രേഖപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭ്യമാകുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രത്യേകമായ പ്രയാസം അനുഭവിക്കുന്നതും ഹൈസപ്പോർട്ട് ആവശ്യമായതുമായ ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാരെ മാത്രം സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഓരോ കേസും സംബന്ധിച്ച അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആയത് പ്രത്യേകമായി പരിശോധിച്ച് സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗിൽ നിന്നും ഒഴിവാക്കി നൽകുന്നതിന് വകുപ്പ് മേധാവി/ജില്ലാ ഓഫീസറെ ചുമതലപ്പെടുത്തുന്നു. ഇവരുടെ ഹാജർ, ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ലീവുകൾ സ്പാർക്ക് വഴി നൽകേണ്ടതുമാണ്. ഹാജർ പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ലീവുകൾ ക്രമീകരിച്ചെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രം DDO മാർ ശമ്പള ബിൽ തയ്യാറാക്കേണ്ടതാണ്. കൂടാതെ ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാരുടെ സ്പാർക്ക് പ്രൊഫൈലിൽ മേൽ ആനുകൂല്യം ലഭ്യമാകുന്നതിനായി PH (Physically Handicapped) രേഖപ്പെടുത്തേണ്ടതുമാണെന്നും ഇതിനാൽ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,
സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും

സ.ഉ.(സാധാ) നം.298/2024/GAD

എല്ലാ വകുപ്പ മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
എല്ലാ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്കും
സീനിയർ ടെക്നിക്കൽ ഡയറക്ടർ, എൻ.ഐ.സി, കേരള സ്റ്റേറ്റ് സെന്റർ, ബിൽഡിംഗ്, വെള്ളയമ്പലം,തിരുവനന്തപുരം.
സീനിയർ കൺസൾട്ടന്റ്, സ്റ്റേറ്റ് ഗവർണൻസ് മിഷൻ ടീം, കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ,വെള്ളയമ്പലം, തിരുവനന്തപുരം
മാനേജർ, സ്പാർക്ക്, പിഎം.യു ഓഫീസ്, ഡി.പി.സി ബിൽഡിംഗ്, കേരള യൂണിവേഴ്റിറ്റി ക്യാമ്പസ്, പാളയം, തിരുവനന്തപൂരം - 695 001
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ. സെക്യൂരിറ്റി & സർവൈലൻസ് ഗ്രൂപ്പ് കരകുളം, തിരുവനന്തപുരം
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപൂരം
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ,കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ,തിരുവനന്തപൂരം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ- 680 596
രജിസ്ട്രാർ, കേരള വെറ്റിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പസ് ഓഫീസ്, പൂക്കോട്, വയനാട്
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
പൊതുഭരണ (കമ്പ്യൂട്ടർ സെൽ വകുപ്പ് (പൊതുഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sreekumar T
Date: 19-01-2024 17:12:48

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് /പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്
പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്